25

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 SEPTEMBER 2022

# വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർക്കായി ഏകദിന ശില്പശാല

സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെയും എല്ലാ ജില്ലാ വ്യവസായ കേന്ദ്രത്തിലേയും ഉദ്യോഗസ്ഥരുടെ ഏകദിന ശില്പശാല 2022 സെപ്റ്റംബർ 14 ന് തിരുവനന്തപുരം ഉദയാ പാലസ് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ചു. ശില്പശാല ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്തു. വ്യവസായ വാണിജ്യ വകുപ്പ് അഡിഷണൽ ഡയറക്ടർ ശ്രീ. കെ. സുധീർ സ്വാഗതം നിർവഹിച്ച പരിപാടിയിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തുകയും അഡീഷണൽ ഡയറക്ടർ ശ്രീ. പി. എസ്. സുരേഷ് കുമാർ പ്രഭാഷണം നടത്തുകയും ചെയ്തു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഉന്നത ഉദ്യോഗസ്ഥർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ, എ. ഡി. ഐ. ഒ, ഐ.ഇ.ഒ എന്നീ ഉദ്യോഗസ്ഥർ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയും ചർച്ചയിൽ സജീവമാവുകയും ചെയ്തു.

നിലവിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കുള്ള ആശയാവതരണവും വ്യവസായ വികസന ഓഫീസർമാരുടെ പ്രകടന വിശകലനവും ശില്പശാലയിൽ ചർച്ച ചെയ്തു. 2022 - 23 വർഷം കേരള സർക്കാർ സംരംഭക വർഷമായി ആചരിക്കുകയാണ്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ലക്ഷ്യമിടുകയാണ്. ഈ പദ്ധതിയുടെ ഇത് വരെയുള്ള പുരോഗമനവും ഭാവി പ്രവർത്തനങ്ങളും ശില്പശാലയിൽ ചർച്ച ചെയ്തു.

2022 സെപ്റ്റംബർ 13 വരെയുള്ള കണക്ക് പ്രകാരം നിലവിൽ ഇതുവരെ 54,187 സംരംഭങ്ങൾ ആരംഭിക്കുകയും അവയിലൂടെ 3,237 കോടി രൂപ നിക്ഷേപം വരുകയും, സംസ്ഥാനമൊട്ടാകെ ഒരു ലക്ഷത്തി പതിനയ്യായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി, നിലവിലുള്ള എം.എസ്. എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും, ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തി കൊണ്ട് വരുന്നതിനുള്ള സഹായ പദ്ധതി, സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി 2022, തുടങ്ങിയ പദ്ധതികൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.










**ഓണം വാരാഘോഷത്തിന് സമാപനം കുറിച്ച് തിരുവനന്തപുരത്ത് നടന്ന സാംസ്കാരിക ഘോഷയാത്രയിൽ വ്യവസായ വകുപ്പ് അവതരിപ്പിച്ച ഫ്ളോട്ട്**

2022-2023 സംരംഭക വർഷത്തിൽ ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്. സംരംഭക രംഗത്തെ ഈ മുന്നേറ്റത്തെ അലാവുദ്ദീന്റെ അത്ഭുതവിളക്ക് എന്ന ആശയത്തോട് ചേർത്ത് അവതരിപ്പിച്ചിരിക്കുകയാണ് ഫ്ളോട്ടിൽ.

# ‘യുവ ബൂട്ട് ക്യാംപി’ന്  തുടക്കം കുറിച്ചു

കോളേജ് വിദ്യാർഥികളുടെ ഇടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) എന്നിവർ സംയുക്തമായി സംഘടിപ്പിക്കുന്ന ‘യുവ ബൂട്ട് ക്യാംപിന് തുടക്കം കുറിച്ചു. 2022 സെപ്റ്റംബർ 14-15  തീയതികളിലായി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിക്കുന്ന ദ്വിദിന ക്യാംപ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു.




കോളേജ് വിദ്യാർഥികളിലും സംരംഭകരാകാൻ ഉദ്ദേശിക്കുന്ന വിദ്യാർഥികളിലും സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുക എന്നതാണ് യുവ ബൂട്ട് ക്യാംപിന്റെ ലക്ഷ്യം. സ്റ്റാർട്ടപ്പ് നിക്ഷേപകർ, സാമ്പത്തിക വിദഗ്ധർ, വ്യവസായികൾ എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിക്കും. സംരംഭകരും സംരംഭകരാകാൻ ആഗ്രഹിക്കുന്ന കോളേജ് വിദ്യാർഥികൾ എന്നിവരും ഈ പരിപാടിയിൽ പങ്കെടുക്കുന്നു.

ബിസിനസ്സ് വിദഗ്ധർ ഉൾപ്പെടുന്ന പാനലിന് മുന്നിൽ തങ്ങളുടെ സംരംഭത്തെക്കുറിച്ചുള്ള പ്ലാനുകളും പദ്ധതികളും വിദ്യാർഥികൾ അവതരിപ്പിക്കും. പിച്ച് ഡെക്ക് തയാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള മെന്ററിങും വിദ്യാർഥികൾക്ക് നൽകും. ബിസിനസ് പിച്ചിങ് മത്സരവും വിദ്യാർഥികൾക്ക് അവരുടെ പ്രോട്ടോ ടൈപ്പ് ഉൽപ്പന്നങ്ങൾ, സേവനങ്ങൾ എന്നിവ പ്രദർശിപ്പിക്കാനുള്ള അവസരവും  നൽകും. ഇതിൽ നിന്നും തെരഞ്ഞെടുക്കുന്ന ടീമിന് ഫൈനൽ പിച്ചിങ്ങിലേക്ക് നേരിട്ട് അവസരം ലഭിക്കും.വിജയികളാകുന്ന 10 ടീമുകൾക്ക് 10,000 രൂപ വീതമാണ് സമ്മാനമായി നൽകുക. ഇതു കൂടാതെ ഫാബ് ലാബ് കേരളയിൽ സൗജന്യ പരിശീലനവും കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ രണ്ട് ലക്ഷം വരെ ലഭിക്കുന്ന ഐഡിയ ഫെസ്റ്റിലേക്ക് നേരിട്ട് പ്രവേശനവും ലഭിക്കുന്നു. 2022 സെപ്റ്റംബർ 15-ാം തീയതി നടക്കുന്ന സമാപന സമ്മേളനം ബഹു. ധനകാര്യമന്ത്രി ശ്രീ. കെ. എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും.

# വായ്പ എടുക്കുമ്പോൾ ശ്രദ്ധിക്കാം ഈ 5 കാര്യങ്ങൾ

**സംരംഭകർ അറിയാൻ**

സംരംഭം തുടങ്ങാൻ  ബാങ്ക് വായ്പയാണ് പ്രധാനമായും സംരംഭകർ ആശ്രയിച്ചു വരുന്നത്. ബാങ്ക് വായ്പകൾ ബാധ്യത ആകാതിരിക്കാൻ ഏതാനും കാര്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നത് നല്ലതാണ്.

**1. വായ്പ അത്യാവശ്യത്തിനു മാത്രം എടുക്കുക**

ആവശ്യത്തിന് എടുക്കുക എന്നുള്ളതല്ല, അത്യാവശ്യത്തിന് മാത്രം എടുക്കുക എന്നുള്ളതാണ്. വായ്പയ്ക്ക് കൊടുക്കേണ്ടി വരുന്ന പലിശ, എടുക്കുന്നതിനു വേണ്ടിവരുന്ന മറ്റ് ചെലവുകൾ, കൊളാറ്ററൽ (ഈട്) എന്നിവ പരിഗണിക്കുമ്പോൾ സ്വന്തം സമ്പാദ്യം/കുടുംബ സമ്പാദ്യം പരമാവധി ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നതാണ് ഉത്തമം.

**2. സബ്സിഡി വായ്പകൾക്ക് മുൻഗണന നൽകണം**

വായ്പയ്ക്കു വേണ്ടിയുള്ള പരക്കംപാച്ചിലിൽ സർക്കാർ സബ്സിഡിക്ക് വേണ്ടത്ര പരിഗണന പലപ്പോഴും നൽകാറില്ല. അജ്ഞതയും ഒരു കാരണമാകാറുണ്ട്. തുടക്കത്തിലേ ലഭിക്കുന്ന സബ്സിഡിയും പിന്നീട് ലഭിക്കാവുന്ന സബ്സിഡികളുമുണ്ട്.

**3. ആവശ്യത്തിനു തന്നെ ഉപയോഗിക്കണം**

കൃത്യമായ ആവശ്യം പറഞ്ഞ് വേണം വായ്പയ്ക്ക് അപേക്ഷിക്കാൻ. കെട്ടിടം, മെഷിനറി, ഉപകരണങ്ങൾ, പ്രവർത്തന മൂലധനം അങ്ങനെയുള്ള ഏതാവശ്യത്തിനും വായ്പ ലഭിക്കും. ഏത് ആവശ്യത്തിനാണോ വായ്പ അനുവദിച്ചത് പ്രസ്തുത ആവശ്യത്തിനു തന്നെ അത് ഉപയോഗിക്കാൻ ശ്രദ്ധിക്കണം. വ്യക്തിപരമായ ബാധ്യതകൾ തീർക്കാൻ സംരംഭക വായ്പകൾ ഉപയോഗിക്കരുത്.

**4. അക്കൗണ്ടുള്ള ബാങ്കിനെ ആദ്യം സമീപിക്കണം**

സംരംഭകർക്ക് അക്കൗണ്ടുള്ള ബാങ്കിനെയാണ് വായ്പ ആവശ്യങ്ങൾക്കായി ആദ്യം സമീപിക്കേണ്ടത്. ഏതെങ്കിലും ഒരു ബാങ്കുമായി നിരന്തരമായ ബന്ധം ഉണ്ടാക്കിയെടുക്കുന്നത് കൂടുതൽ ബാങ്കിങ് സൗകര്യങ്ങൾ ലഭ്യമാക്കാൻ സഹായിക്കും.

**5. കൃത്യമായി തിരിച്ചടയ്ക്കണം**

വായ്പ എടുക്കുന്നത് ഇഷ്ടമാണ്; തിരിച്ചടയ്ക്കുന്നത് തീരെ ഇഷ്ടമല്ല. ഈ സമീപനം മാറ്റേണ്ടതുണ്ട്. എടുത്ത വായ്പ കൃത്യമായി തിരിച്ചടയ്ക്കാൻ ശ്രദ്ധിക്കണം. മൂന്നു മാസം തിരിച്ചടവ് മുടങ്ങിയാൽ പോലും ലോൺ എൻ.പി.എ. (കിട്ടാക്കടം) ആയി മാറുന്നു. അത് സിബിൽ സ്കോർ താഴാൻ കാരണമാകും.

കരുതലോടെ ബാങ്ക് വായ്പ എടുത്ത്, പ്രസ്തുത ആവശ്യത്തിനു തന്നെ സമയബന്ധിതമായി ഉപയോഗിച്ച് ധനകാര്യ സ്ഥാപനവുമായി നല്ല ബന്ധം ഉണ്ടാക്കിയെടുത്ത് കൃത്യമായി തിരിച്ചടച്ച് മുന്നോട്ടു പോകാനാണ് സംരംഭകർ ശ്രദ്ധിക്കേണ്ടത്.



Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.